# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.170 — 12/2/2013 ൽ മറുപടിക്ക്

**ആദ്യകാല മലയാളസിനിമകൾക്ക് ഡിജിറ്റൽ സംരക്ഷണം**

ചോദ്യം

ശ്രീ. സി.പി.മുഹമ്മദ്
ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. റ്റി.എൻ. പ്രതാപൻ

ഉത്തരം

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആദ്യകാല മലയാള സിനിമകൾക്ക് ഡിജിറ്റൽ സംരക്ഷണം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ആദ്യകാല മലയാള സിനിമകൾ പുതുതലമുറയ്ക്ക് ലഭ്യമാക്കുന്നതിനും പഠനഗവേഷണങ്ങൾക്കുമായി ഉപയോഗിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | ബി) | മലയാള സിനിമകളുടെ വിപുലമായ ആർക്കീവ്സ് സംവിധാനമാണ് വികസിപ്പിക്കുന്നത്. പഴയകാല സിനിമകളുടെ നെഗറ്റീവുകൾ, ഡിജിറ്റൽ കോപ്പികൾ, ബീറ്റ കോപ്പികൾ, നിശ്ചലദൃശ്യങ്ങൾ, പാട്ടുപുസ്തകങ്ങൾ, ഡിസ്കുകൾ, നോട്ടീസുകൾ തുടങ്ങി സിനിമയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഇതിനായി ശേഖരിക്കുന്നുണ്ട്. ഇവ ഡിജിറ്റലായി സൂക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; | (സി) | കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയാണ് പദ്ധതിക്ക് നേതൃത്വം നൽകി നടപ്പിലാക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) | പഴയകാല സിനിമകളുമായി ബന്ധപ്പെട്ട വസ്തുവകകൾ ശേഖരിക്കുന്നതിനായി സ്റ്റുഡിയോകൾ, വ്യക്തികൾ,സ്ഥാപനങ്ങൾ എന്നിവരോട് അഭ്യർത്ഥിച്ചുകൊണ്ട് പ്രാരംഭ നടപടിയെന്ന നിലയിൽ പത്രവാർത്തകളും കത്തുകളും നല്കിയിട്ടുണ്ട്. നെഗറ്റീവുകൾ സംരക്ഷിക്കുന്നതിന് മൂന്നാറിൽ ഒരു ഫിലിം ആർക്കീവ്സ് വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ.